**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4414

22.07.2015-ൽ
മറുപടിയ്ക്ക്

## എക്സൈസ് - വകുപ്പിലെ ഫയൽ ട്രാക്കിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എം.പി.വിൻസെന്റ് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ.ജോസഫ് വാഴയ്ക്കൻ :<br>ശ്രീ.കെ.മുരളീധരൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പിൽ ഫയൽ ട്രാക്കിംഗ് സംവിധാനം എർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) എക്സൈസ് വകുപ്പിൽ NIC (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ)-ന്റെ IDEAS (Information and Data Exchange Advanced System) ഫയൽ ട്രാക്കിംഗ് സിസ്റ്റം സോഫ്റ്റ് വെയർ ഉപയോഗിച്ച് ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. നിലവിൽ എക്സൈസ് കമ്മീഷണറേറ്റിൽ ലഭിയ്ക്കുന്ന എല്ലാ തപാലുകളും ടി സംവിധാനത്തിൽ ഉൾപ്പെടുത്തി വരുന്നു. ഇ-ഓഫീസ് സംവിധാനം പൂർത്തിയാകുന്നതോടെ ഫയൽ ട്രാക്കിംഗ് സംവിധാനം പൂർണ്ണമായും നടപ്പാക്കുന്നതാണ്. |
| (ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) ഈ സംവിധാനം നടപ്പിലാക്കി കഴിയുമ്പോൾ എക്സൈസ് വകുപ്പിൽ ലഭിയ്ക്കുന്ന തപാലുകളും ഫയലുകളും സമയബന്ധിതമായിതന്നെ ബന്ധപ്പെട്ട |

ഉദ്യോഗസ്ഥൻമാർ നടപടികൾ സ്വീകരിക്കുന്നുവെന്ന് മേലധികാരികൾക്ക് പരിശോധിക്കുന്നതിനും കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ അപേക്ഷ, പരാതി, ഫയൽ എന്നിവയുടെ നിലവിലത്തെ അവസ്ഥ അറിയുവാനും സംവിധാനം സഹായകരമാകുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ആരെല്ലാമാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത് ; ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | ഐ.ടി വകുപ്പ്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്നീ സ്ഥാപനങ്ങളാണ് ടി സംവിധാനവുമായി സഹകരിയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ.